## തൊഴിലാളി അധികം വിഹിതമടയ്ക്കാൻ തയ്യാറാണെന്ന കാരണത്താൽ അധികം വിഹിതമടയ്ക്കാൻ തൊഴിലുടമയെ നിർബ്ബന്ധിക്കാനാവില്ല

### ത്രിപുര ഹൈക്കോടതി

W.P. (C) No. 972/2019 Dt. 28.2.2020

സാൻജോയ് കുമാർ പോൾ
x
യൂണിയൻ ഓഫ് ഇന്ത്യ

ത്രിപുര പട്ടികജാതി പട്ടികവർഗ്ഗ സഹകരണ വികസന കോർപ്പറേഷനിൽ ക്ലർക്കായാണ് തൊഴിലാളി 1991-ൽ ജോലിയിൽ പ്രവേശിച്ചത്. സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണ്. 1.10.2018 വരെ നിയമാനുസൃത നിരക്കിൽ തൊഴിലാളി വിഹിതമടച്ചു. 2024-ൽ വിരമിക്കാനിരിക്കുന്ന തൊഴിലാളി തനിക്ക് മുഴുവൻ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കണമെന്ന ലക്ഷ്യത്തോടെ 1.10.2018 മുതൽ പൂർണ്ണ വേതനത്തിന്റെ 12% എന്ന നിരക്കിലാണ് ഇ.പി.എഫ്. വിഹിതമടച്ചത്. എന്നാൽ തൊഴിലുടമ തത്തുല്യമായ നിരക്കിൽ വിഹിതമടച്ചില്ല. തുടർന്ന് തൊഴിലാളി ഇ.പി.എഫ്. ഓർഗനൈസേഷന് പരാതി നല്കി. താൻ പൂർണ്ണ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വിഹിതമടയ്ക്കാൻ തയ്യാറായിട്ടും തൊഴിലുടമ അതേ നിരക്കിൽ വിഹിതമടക്കുന്നില്ലെന്നാണ് തൊഴിലാളി പരാതിപ്പെട്ടത്. തൊഴിലാളിയുടെ പരാതി ഇ.പി.എഫ്.ഒ. തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. എല്ലാത്തരം അലവൻസുകളും മറ്റാനുകൂല്യങ്ങളുമടങ്ങിയ മൊത്തം ശമ്പളത്തിന്റെ 12% എന്ന നിരക്കിലാണ് താൻ വിഹിതമടയ്ക്കുന്നതെന്നും മൊത്തം ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കാൻ ഇ.പി.എഫ്.ഒ.യ്ക്ക് ബാധ്യതയുണ്ടെന്നും അത് നിരസിച്ചത് നിയമവിരുദ്ധമാണെന്നും തൊഴിലാളി വാദിച്ചു. ഉയർന്ന പെൻഷൻ ലഭിക്കാൻ തൊഴിലുടമ തൊഴിലാളി അടയ്ക്കുന്ന അതേ തുക അടയ്ക്കേണ്ടത് അത്യാവശ്യമാണെന്നും അല്ലാത്തപക്ഷം തനിക്ക് ഉയർന്ന പെൻഷൻ ലഭിക്കില്ലെന്നും തൊഴിലാളി വാദിച്ചു. തൊഴിലുടമയും തൊഴിലാളിയും ഉയർന്ന തുക വിഹിതമടച്ചാൽ മാത്രമേ ഉയർന്ന പെൻഷൻ തൊഴിലാളിക്ക് നല്കാനാകുകയുള്ളൂവെന്നും മൊത്തം ശമ്പളത്തിന്റെ 12% വിഹിതമായി അടയ്ക്കണമെന്ന് തൊഴിലുടമയെ നിർബ്ബന്ധിക്കാനാവില്ലെന്നും ഇ.പി.എഫ്.ഒ. വാദിച്ചു. മൊത്തം ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വിഹിതമടയ്ക്കാൻ തൊഴിലുടമ തയ്യാറല്ലാത്തതിനാലാണ് തൊഴിലാളിക്ക് ഉയർന്ന പെൻഷൻ നല്കാനാവില്ലെന്ന് അറിയിച്ചതെന്നും ഇ.പി.എഫ്.ഒ. ബോധിപ്പിച്ചു. തൊഴിലാളി മാത്രം ഉയർന്ന തുക വിഹിതമടച്ചതുകൊണ്ട് ഉയർന്ന പെൻഷൻ നല്കാൻ വ്യവസ്ഥയില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. തൊഴിലാളി അധിക തുക വിഹിതമടച്ചാൽ തത്തുല്യമായ തുക അടയ്ക്കണമെന്ന് തൊഴിലുടമയോട് നിർദ്ദേശിക്കാനാവില്ലെന്ന് വ്യക്തമാക്കിയ ഹൈക്കോടതി ഇ.പി.എഫ്. ഓർഗനൈസേഷന്റെ തീരുമാനം ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.